# ക്ലാസ് – 8 അടിസ്ഥാനപാഠാവലി

(1) **പഠനനേട്ടങ്ങൾ** :പാഠഭാഗത്തുള്ള ശൈലികൾ, പ്രയോഗങ്ങൾ എന്നിവ കണ്ടെത്തി അവയുടെ സൗന്ദര്യതലം ഉൾക്കൊണ്ട് എഴുതി പ്രകടിപ്പിക്കുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : കണ്ടെത്തൽ, തിരിച്ചറിയൽ, പ്രകടമാക്കൽ

**Q** a ‘എന്റെ മോളേ നല്ലൊരു നോമ്പായിരുന്നു, കഞ്ഞിവെള്ളത്തിന് പകരം സൂപ്പാണല്ലോ കുടിക്കുന്നത്’

b ‘അരി തരാനില്ലെങ്കിൽ എല്ലാത്തിനും കുറെ വെഷം തന്ന് അങ്ങ് കൊന്നേക്കട്ടേ’

c ‘രോഗം വന്നാ എല്ലാം വെട്ടിക്കളഞ്ഞാമതിയോ? അങ്ങനെയാണെങ്കിൽ ഈ ആശുപത്രീം ഒന്നും വേണ്ടല്ലോ? എല്ലാരേം കൊന്നാപ്പിന്നെ ആശുപത്രി വേണോ?’

‘ആ വാഴവെട്ട്’ എന്ന ചെറുകഥയിലെ ഇത്തരം പ്രയോഗങ്ങൾ മർക്കോസ് ചേട്ടൻ എന്ന കൃഷിക്കാരന്റെ ശക്തമായ പ്രതിഷേധമാണ് വെളിവാക്കുന്നത്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രയോഗങ്ങളുടെ സവിശേഷത കണ്ടെത്തി കുറിപ്പ് തയാറാക്കുക (5)

**സൂചകങ്ങൾ**

- ‘മൂന്ന് പ്രയോഗങ്ങളുടെയും സവിശേഷതകൾ കണ്ടെത്തി സ്വന്തം ഭാഷയിൽ/ശൈലിയിൽ എഴുതിയിട്ടുണ്ട്. (5)
- പ്രയോഗങ്ങളുടെ സവിശേഷതകൾ രേഖപ്പെടുത്തിയിട്ടുണ്ട് (4)
- ഉപയോഗിച്ചിരിക്കുന്ന ഭാഷ ഭംഗിയുള്ളതല്ല. എങ്കിലും വിവരിച്ചിട്ടുണ്ട്. (3)
- എല്ലാ പ്രയോഗങ്ങളും വിവരിച്ചിട്ടില്ല – പൊതുവായി എഴുതുക മാത്രം ചെയ്തിട്ടുണ്ട് (2)

---

(2) **പഠനനേട്ടങ്ങൾ** :ജീവിതത്തിന്റെ വൈവിധ്യങ്ങൾ പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ എന്നിവ വായിച്ച് ആസ്വദിച്ച് സർഗാത്മക രചനയിൽ ഏർപ്പെടുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : താരതമ്യം ചെയ്യൽ, ചിന്താശേഷി പ്രകടമാക്കൽ, അപഗ്രഥിക്കൽ, യുക്തിപൂർവം സമർത്ഥിക്കൽ

**Q** കുട്ടിക്കാലത്ത് അമ്മയുടെ സാന്നിധ്യം കവയത്രിയിൽ ഉളവാക്കിയ അനുഭവങ്ങൾ എന്തെല്ലാമെന്ന് ‘പുതുവർഷം’ എന്ന കവിതയിൽ നിന്ന് കണ്ടെത്തി കുറിപ്പ് തയാറാക്കുക. (4)

**സൂചകങ്ങൾ**

- ‘അമ്മയും തുമ്പപ്പൂവും ഒരുപോലെ എന്നുള്ള പ്രയോഗം വിശദമാക്കിയിട്ടുണ്ട്. കൈകൂപ്പുവാൻ അമ്മ ഉപദേശിച്ചിട്ടുണ്ട് എന്ന് കണ്ടെത്തി എഴുതിയിട്ടുണ്ട്. വേദനിപ്പിക്കാത്ത അമ്മയുടെ മുഖം എന്ന പ്രയോഗത്തിന്റെ സവിശേഷത വ്യക്തമാക്കിയിട്ടുണ്ട്. അമ്മയുടെ മുഖം സ്നേഹമായി ഉജ്ജ്വലിക്കുമ്പോൾ പൂക്കളത്തിന്റെ ആവശ്യമില്ല എന്ന

പ്രയോഗത്തിന്റെ സവിശേഷത വ്യക്തമാക്കിയിട്ടുണ്ട്. ഓണനാളിൽ വീട്ടിലെ കൂരിരുട്ട് നീക്കുന്നത് അമ്മയുടെ സാന്നിധ്യമാണ് എന്ന പ്രയോഗം വിശദമാക്കിയിട്ടുണ്ട്. (4)

- അമ്മയും തുമ്പപ്പൂവും തമ്മിലുള്ള താരതമ്യം, വേദനിപ്പിക്കാത്ത അമ്മയുടെ മുഖം, ഓണനാളുകളിലെ അമ്മയുടെ സാന്നിധ്യം എന്നിവ വിശദമായി ഗ്രഹിച്ച് കുറിപ്പ് തയാറാക്കിയിട്ടുണ്ട് (3)
- അമ്മയെക്കുറിച്ചുള്ള പരാമർശങ്ങളിൽ ഏതെങ്കിലും മൂന്ന് എണ്ണം കണ്ടെത്തി വിശദമാക്കി കുറിപ്പ് തയാറാക്കുയിട്ടുണ്ട് (2)
- അമ്മയെക്കുറിച്ചുള്ള പരാമർശങ്ങളിൽ ഏതെങ്കിലും ഒന്നുമാത്രം കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

**(3) പഠനനേട്ടങ്ങൾ** :ചില സവിശേഷവാക്യ മാതൃകകളിൽ പദങ്ങൾ ഔചിത്യപൂർവം പ്രയോഗിച്ചതിന്റെ പ്രത്യേകതകൾ തിരിച്ചറിയുകയും സ്വന്തം രചനകളിൽ സന്ദർഭാനുസരണം ഉപയോഗിക്കുകയും ചെയ്യുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : പ്രയോഗിക്കൽ, പ്രകടമാക്കൽ, തിരിച്ചറിയൽ യുക്തി സഹമായി സമർത്ഥിക്കൽ.

**Q** ആശയച്ചോർച്ച കൂടാതെ വാക്യങ്ങൾ ചേർത്തെഴുതുക.

ചേനത്തലകൾ ഏതേതതുകാലത്ത് നടണമെന്നുള്ള കാര്യത്തിൽ മാർക്കോസു ചേട്ടന് വളരെ നിശ്ചയമുണ്ട്. അയാൾ ഒരു നല്ല കൃഷിക്കാരനാണ് (1)

**സൂചകങ്ങൾ**

- വാക്യങ്ങൾ ചേർത്ത് ആശയം ചോരാത്തവണ്ണം പ്രയോഗിച്ചിട്ടുണ്ട്. (1)

---

**(4) പഠനനേട്ടങ്ങൾ** : പാഠഭാഗത്തു നിന്ന് വായിച്ചു മനസ്സിലാക്കിയ പ്രധാന സംഭവങ്ങൾ, സന്ദർഭങ്ങൾ, അനുഭവങ്ങൾ എന്നിവ ഉചിതമായ വ്യവഹാര രൂപങ്ങളിൽ (ഡയറിക്കുറിപ്പ്, താരതമ്യക്കുറിപ്പ് അനുഭവക്കുറിപ്പ്) ആവിഷ്കരിക്കുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : ഗ്രഹിക്കൽ, പ്രകടമാക്കൽ, അവിഷ്ക്കരിക്കൽ, തിരിച്ചറിയൽ

**Q** "അക്കാലം പൂക്കളം തീർത്തതോർക്കുന്നു ഞാൻ നിശ്ചയമമ്മയോടൊത്തു തന്നെ" ഇത്തരത്തിൽ പൂക്കളവുമായി ബന്ധപ്പെട്ട് നിങ്ങൾ സൂക്ഷിക്കുന്ന ഒരു ഓർമ കുറിപ്പായി എഴുതുക.

(2)

**സൂചകങ്ങൾ**

- പാഠസന്ദർഭത്തിൽ നിന്ന് കവയത്രിയുടെ പൂക്കള ഓർമകൾ ഉൾക്കൊണ്ട് സ്വാനുഭവങ്ങളുമായി ചേർത്ത് ഓർമക്കുറിപ്പായി എഴുതിയിട്ടുണ്ട്. (2)
- പൂക്കളത്തെക്കുറിച്ചുള്ള ഓർമകൾ കുറിപ്പായി എഴുതിയിട്ടുണ്ട്. (1)

**(5) പഠനനേട്ടങ്ങൾ** :ചമൽക്കാരം, ബിംബം, വാങ്മയചിത്രം എന്നിവ കവിതയെ എത്രമേൽ സുന്ദരമാക്കുന്നു എന്നു വിശകലനം ചെയ്ത് എഴുതുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : കണ്ടെത്തൽ, ആവിഷ്ക്കരിക്കൽ, പ്രകടമാക്കൽ, തിരിച്ചറിയൽ

**Q** 'അയാൾ ഒരു നല്ല കൃഷിക്കാരനാണ്. എല്ലുകൾ ഉന്തിനിൽക്കുന്ന ആ ശരീരവും വളഞ്ഞ നട്ടെല്ലും ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണും അർദ്ധനഗ്നമായ ശരീരവും ഒറ്റനോട്ടത്തിൽ തന്നെ അയാൾ ഒരു കൃഷിക്കാരനെന്ന് വിളിച്ചു പറയും.'
ഈ വാങ്മയ ചിത്രം മാർക്കോസ് ചേട്ടൻ എന്ന കഥാപാത്രത്തിന് മിഴിവ് നൽകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക. (4)

**സൂചകങ്ങൾ**

- വാങ്മയ ചിത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ്, വിശദീകരിച്ച് കഥയിലുള്ള സ്ഥാനം വ്യക്തമാക്കി കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (4)
- വാങ്മയ ചിത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട് (3)
- കഥാപാത്രത്തെ മാത്രം തിരിച്ചറിഞ്ഞിട്ടുണ്ട് (2)

---

**(6) പഠനനേട്ടങ്ങൾ** :ജീവിതത്തിന്റെ വൈവിധ്യങ്ങൾ പ്രതിപാദിക്കുന്ന കഥകൾ, കവിതകൾ എന്നിവ വായിച്ച് ആസ്വദിച്ച് സർഗാത്മ രചനകളിൽ ഏർപ്പെടുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 1)

**ചിന്താശേഷികൾ** : ആസ്വദിക്കൽ, പ്രകടമാക്കൽ, കണ്ടെത്തൽ, വിശകലനം ചെയ്യൽ

**Q**
- "വാസ്തവത്തിൽ ഈ പറഞ്ഞതൊന്നും തന്നെ അവന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. മനസ്സു മുഴുവൻ സ്പൂണിലെ എണ്ണയിലായിരുന്നു."
- "അപ്പോഴാണവൻ കൈയിൽ പിടിച്ചിരുന്ന സ്പൂണിലേയ്ക്കു നോക്കിയത്. അത് തികച്ചും ശൂന്യം"

പാഠഭാഗത്തെ ഈ രണ്ടു വ്യത്യസ്ത സന്ദർഭങ്ങൾ എന്തെല്ലാം ജീവിത പാഠങ്ങളാണ് സാന്റിയാഗോയ്ക്കു നൽകിയത്? കണ്ടെത്തികുറിക്കുക? (4)

**സൂചകങ്ങൾ**

- എണ്ണ തൂകിപ്പോകാതിരുന്നപ്പോൾ കാഴ്ചകൾ ഒന്നും കണ്ടില്ല. കാഴ്ചകൾ കണ്ടപ്പോൾ എണ്ണ ഒട്ടും ബാക്കി ഉണ്ടായില്ല. ലോകത്തിന്റെ എല്ലാ സമൃദ്ധിയും സൗന്ദര്യവും നുകരുമ്പോഴും മനസ്സിലെ നന്മ നഷ്ടപ്പെടാതെ കാക്കണം. അത് നഷ്ടപ്പെടാതിരിക്കാൻ ലോകത്തിന്റെ സമൃദ്ധിയെ പാടേ ഉപേക്ഷിക്കേണ്ടതില്ല. കരുതലാണ് വേണ്ടത്. ഇത് സമർത്ഥിച്ചിട്ടുണ്ട്. (4)
- പാഠസന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് (2)
- സാന്റിയാഗോയുടെ കണ്ടെത്തലുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

**(7) പഠനനേട്ടങ്ങൾ** :ആസ്വദിച്ച രചനകളിലെ സവിശേഷതകൾ ഉചിതവും വ്യത്യസ്തവുമായ വ്യവഹാര രൂപങ്ങളിൽ ആവിഷ്ക്കരിക്കുന്നു. (കഥാസ്വാദനം, താരതമ്യ ക്കുറിപ്പ്, കഥാപാത്രനിരൂപണം)

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : തിരിച്ചറിയൽ, കണ്ടെത്തൽ, ക്രമീകരിക്കൽ, ആവിഷ്കരിക്കൽ.

**Q** ശൂലാപ്പ് കാവിലേയ്ക്ക് അഴകനും പൂവാലിയും നടത്തിയ സഞ്ചാരത്തെക്കുറിച്ച് യാത്രാ വിവരണം തയാറാക്കുക

സൂചനകൾ :

- മഴയുടെ കുറവ്
- നേരിട്ട പ്രശ്നങ്ങൾ
- യാത്രയുടെ അന്ത്യം (4)

**സൂചകങ്ങൾ**

- കാവിലേയ്ക്കുള്ള അഴകന്റേയും പൂവാലിയുടെയും യാത്രാനുഭവങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (4)
- അഴകന്റെയും പൂവാലിയുടെയും ശുലാപ്പ് കാവിലേയ്ക്കുള്ള യാത്രാ പശ്ചാത്തലം തിരിച്ചറിഞ്ഞ് ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (2)
- അഴകനും പൂവാലിയും യാത്രയിലുടനീളം അനുഭവിച്ച പ്രശ്നങ്ങൾ ഉചിതമായ ഭാഷ യിൽ ആവിഷ്കരിച്ചിട്ടുണ്ട്. (2)

---

**(8) പഠനനേട്ടങ്ങൾ** : കഥ, കവിത, നാടകം എന്നിവ വായിച്ച് ഇതിവൃത്തം, ആഖ്യാനരീതി, സാമൂഹിക പ്രസക്തി തുടങ്ങിയവ വിശകലനം ചെയ്ത് കുറിപ്പ് തയാ റാക്കുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : കണ്ടെത്തൽ, വിശകലനം ചെയ്യൽ, പ്രകടമാക്കൽ, യുക്തി സഹമായി സമർത്ഥിക്കൽ

**Q** *പാരിലോരോ ജനം ദ്രവ്യമുണ്ടാക്കുവാൻ*
*ഓരോരോ വിദ്യകൾ കാട്ടുന്നു സന്തതം*

കുഞ്ചൻനമ്പ്യാരുടെ ഈ വരികൾക്ക് ഏതു കാലത്തും പ്രസക്തിയുണ്ട്. ഈ പ്രസ്താ വന വിലയിരുത്തി പ്രതികരണക്കുറിപ്പ് തയാറാക്കുക (4)

**സൂചകങ്ങൾ**

- കവിതയുടെ ആശയം ഉൾക്കൊണ്ട് വിദ്യകൾ കാട്ടുന്നത് വെളിപ്പെടുത്തി സമകാലിക പ്രാധാന്യം സൂചിപ്പിച്ച് ഉചിതമായ ഭാഷയിൽ പ്രതികരിച്ചിട്ടുണ്ട് (4)
- കവിതയുടെ ആശയം ഉൾക്കൊണ്ട് സമകാലിക പ്രാധാന്യം സൂചിപ്പിച്ച് ഉചിതമായ ഭാഷയിൽ പ്രതികരിച്ചിട്ടുണ്ട്. (3)
- കവിതയുടെ ആശയം ഉൾക്കൊണ്ട് ഉചിതമായ ഭാഷയിൽ പ്രതികരിച്ചിട്ടുണ്ട് (2)

**(9) പഠനനേട്ടങ്ങൾ :** പാഠഭാഗത്തുനിന്ന് സ്വാംശീകരിച്ച പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ നൂതനസന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 2)

**ചിന്താശേഷികൾ** : പ്രയോഗിക്കൽ, കണ്ടെത്തൽ, അപഗ്രഥിക്കൽ

**Q** 'എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം'

– ഈ പഴഞ്ചൊല്ല് 'തേൻകനി' എന്ന പാഠഭാഗത്തെ ആശയവുമായി എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തി എഴുതുക (2)

**സൂചകങ്ങൾ**

- പഴഞ്ചൊല്ലിന്റെ അർത്ഥതലങ്ങൾ കണ്ടെത്തി അവ പാഠസന്ദർഭവുമായി ചേർത്ത് യുക്തിപൂർവം സമർത്ഥിച്ച് ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (2)
- പാഠസന്ദർഭങ്ങൾ കണ്ടെത്തി ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (1)

---

**(10) പഠനനേട്ടങ്ങൾ :** വിവിധ രചനകൾ വായിച്ച് ഉള്ളടക്കം, ഭാഷ, സമകാലിക പ്രസക്തി, രചനാരീതി തുടങ്ങിയവ താരതമ്യം ചെയ്ത് ചർച്ചകളിലും മറ്റും അവതരിപ്പിക്കുന്നു.

**യൂണിറ്റ്** : അടിസ്ഥാനപാഠാവലി (യൂണിറ്റ് 3)

**ചിന്താശേഷികൾ** : താരതമ്യംചെയ്യൽ, കണ്ടെത്തൽ, പ്രകടമാക്കൽ

**Q**

- "നീയേ, വെയിലാറീട്ട് അങ്ങാടീല്ക്ക് പോ. ആ മൊഹമ്മദിന്റെ കടേടെ മുമ്പില് മെഷീനും വച്ച് അപ്പൂട്ടി ഇരുന്ന് തുന്ന്ണ്ല്യേ"
- "എന്റെ മോളെ, ഇതെങ്ങനെ കുടിക്കുന്നു? നാഴി കഞ്ഞിവെള്ളം പോലും ചൊവ്വേ നേരെ കുടിക്കാനില്ല"

ഇത്തരത്തിലുള്ള വ്യത്യസ്തങ്ങളായ പ്രാദേശിക ഭാഷാ പ്രയോഗങ്ങൾ കഥാസ്വാദനത്തിനും കൂടുതൽ മികവ് നൽകുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക? (4)

**സൂചകങ്ങൾ**

- കഥാ സന്ദർഭങ്ങൾ ചൂണ്ടിക്കാണിച്ച് സ്വാഭിപ്രായം കാര്യകാരണങ്ങൾ സഹിതം യുക്തിഭദ്രമായി അനുയോജ്യമായ ഭാഷയിലും രൂപത്തിലും വ്യക്തമാക്കിയിട്ടുണ്ട്. (4)
- സ്വാഭിപ്രായങ്ങൾ യുക്തി ഭദ്രമായി ചൂണ്ടിക്കാട്ടി സമർത്ഥിച്ചിട്ടുണ്ട്. (2)
- കഥാസന്ദർഭങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. (1)